LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീസുരക്ഷ

99 (99) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തുടരെത്തുടരെ ഉണ്ടാകുന്ന സ്ത്രീപീഡനങ്ങളിലെ ഇരകൾക്ക് നീതി കിട്ടാനും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാനും അതിക്രമങ്ങൾക്ക് തടയിടാൻ പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിക്കാതിരിക്കാനുമുള്ള കടുത്ത നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തുണ്ടാകുന്ന സ്ത്രീപീഡന കേസുകളിലെ ഇരകൾക്ക് നീതി ലഭിക്കുന്നതിന്, ശരിയായ രീതിയിൽ അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് സമയബന്ധിതമായി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് പ്രോസിക്യൂഷന്റെ സഹായത്തോടെ കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ക്രൈം No 454/സി.ആർ/എസ് 1/02

100 (100) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന ക്രൈം നം. 454/സി.ആർ/എസ് 1/02 എന്ന കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത കേസിൽ തുടരന്വേഷണം ആവശ്യമില്ലായെന്ന് പോലീസ് ക്രൈംബ്രാഞ്ച് അറിയിച്ചിട്ടുണ്ടോ?

തിരുവനന്തപുരം ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ് 1-ൽ അന്വേഷണത്തിലിരിക്കുന്ന ക്രൈം നം 454/CB/CU-1/TVM/2002 u/s 65,76,78 of IT Act 2000 &17 (d), 51,63(ബി),64,69 of Copy Right Act 1957 & 378, 379, 380, 403, 411, 415, 417, 420 IPC പ്രകാരമുള്ള കേസ് Further Action Dropped ആയി ഫൈനൽ റിപ്പോർട്ട് തയ്യാറാക്കി ബഹു.നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി II മുൻപാകെ 30-3-2021-ൽ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) OP No. 9071 of 2003-ഹൈക്കോടതി വിധിയിൽ പ്രസ്തുത വിഷയത്തിൽ ദുരുദ്ദേശ്യത്തോടെ സർക്കാരിനെ വഞ്ചിക്കാനായി പ്രവർത്തിച്ചു എന്ന പരാമർശമുള്ള വ്യക്തിതന്നെയാണ് കേസ് പിൻവലിക്കാൻ അഭ്യർത്ഥിച്ച് കത്തയച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസ്സന്വേഷണം